## കത്തുകൾ




# സെക്യുലർ യുക്തിവാദത്തിന്റെ മതിൽക്കെട്ടുകൾ തകർക്കുക

**കമ്യൂണിസത്തെക്കുറിച്ച** വിശകലനങ്ങൾ ശ്രദ്ധേയമായി (ലക്കം 10). പ്രാദേശികതലം തൊട്ട് നേതൃതലം വരെ അധാർമിക പ്രവണതകൾ കണ്ടുതുടങ്ങിയതോടെ 'കമ്യൂണിസ്റ്റ് ധാർമികത'യേക്കാൾ കുറച്ചുകൂടി ഉറപ്പുള്ള ഒരു ധാർമിക അടിസ്ഥാനം കണ്ടെത്തേണ്ടതിന്റെ ആവശ്യകത കമ്യൂണിസ്റ്റുകാർക്കിപ്പോൾ ബോധ്യമായിട്ടുണ്ടാവും. അത്തരമൊരു ബോധ്യം വന്നാൽ അവർ തീർച്ചയായും മതത്തിലെത്തിച്ചേരും. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന മാർക്സിന്റെ നിരീക്ഷണം ശരിതന്നെയായിരുന്നു. മതങ്ങൾ അവയുടെ മൗലിക വിശുദ്ധി നിലനിർത്തിയ തുടക്ക കാലങ്ങളിൽ മാത്രമേ ഒരു വിമോചക പ്രത്യയശാസ്ത്രം എന്ന റോൾ വഹിച്ചിട്ടുള്ളൂ. അല്ലാത്തപ്പോഴൊക്കെ അവ ജനങ്ങളെ അടിച്ചമർത്തുന്നതിനുള്ള ഉപകരണങ്ങളായാണ് വർത്തിച്ചത്. മതത്തിന്റെ പേരിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജനങ്ങളെ വരിഞ്ഞുമുറുക്കി. വംശീയതയുടെ രൂപമെടുത്ത മതം പലപ്പോഴും യുദ്ധങ്ങൾക്ക് കാരണമാവുകയും ജനങ്ങളെ കഷ്ടപ്പെടുത്തുകയും ചെയ്തു. പുരോഹിതർക്കും രാജാക്കന്മാർക്കും ജനങ്ങളെ ചൂഷണം ചെയ്യാനുള്ള മറയായി മതം നിന്നുകൊടുത്തു. പീഡനങ്ങൾക്കെതിരെ പോരാടേണ്ടതിന്റെ ആവശ്യകതയിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തെറ്റിക്കാനും ആത്മീയമാത്ര മതങ്ങൾ കാരണമായി. എന്നാൽ, പ്രവാചകന്മാരുടെ കാലത്ത് മൗലിക വിശുദ്ധിയോടെ നിലനിന്ന മതങ്ങൾ പീഡിതർക്കും അടിസ്ഥാന വർഗത്തിനുമൊപ്പമായിരുന്നു; അധർമികൾക്കെതിരായിരുന്നു. വൈദികമതം, ജൂതമതം, ക്രിസ്തുമതം തുടങ്ങിയവയെല്ലാം പ്രവാചകന്മാർക്കു ശേഷം കുറച്ചുകാലം മാത്രമേ അവയുടെ വിശുദ്ധിയും സമരോത്സുകതയും നിലനിർത്തിയിട്ടുള്ളൂ. പ്രവാചകമതങ്ങൾ ജീർണിക്കുമ്പോൾ ദൈവം പുതിയ പ്രവാചകന്മാരെ അയച്ചു. ഇസ്ലാമിലും ജീർണതകളുണ്ടായിട്ടുണ്ട്. എന്നാൽ പുതിയ പ്രവാചകന്മാരെ നിയോഗിക്കുകയല്ല; മറിച്ച് തജ്ദീദ്, ഇജ്തിഹാദ് എന്നീ ആയുധങ്ങൾ നൽകുകയാണ് ജീർണതകളെ നശിപ്പിക്കാൻ അല്ലാഹു ചെയ്തത്. അതുകൊണ്ടുതന്നെ ഇസ്ലാമികസമൂഹം പൂർണമായും ജീർണമാവുകയോ, ഇസ്ലാം മനുഷ്യനെ മയക്കുന്ന കറുപ്പാവുകയോ ചെയ്ത കാലഘട്ടമുണ്ടായിട്ടില്ല. ഇസ്ലാമിന്റെ ഒന്നല്ലെങ്കിൽ മറ്റൊരു വശം എന്നും തിളക്കത്തോടെ നിലനിന്നു. മതങ്ങളെ കറുപ്പെന്ന് ആക്ഷേപിക്കുമ്പോൾ ഇസ്ലാമിന്റെ ഈ പ്രത്യേകത കമ്യൂണിസ്റ്റുകാർ ശ്രദ്ധിക്കേണ്ടിയിരുന്നു. പ്രവാചകന്റെയും ആദ്യത്തെ നാല് ഖലീഫമാരുടെയും ഉമറുബ്നു അബ്ദിൽ അസീസിന്റെയും കാലഘട്ടങ്ങളിലെ ഇസ്ലാമിന്റെ തിളക്കത്തെക്കുറിച്ച് മതേതര ചരിത്രകാരന്മാർക്കു പോലും സംശയങ്ങളില്ലല്ലോ. മാതൃകാപരമായ ഇസ്ലാമിക ഭരണകൂടങ്ങൾ ചരിത്രത്തിൽ പിന്നീടും പലപ്പോഴുമുണ്ടായിട്ടുണ്ട്. ഇസ്ലാമികമായ ജനാധിപത്യം പൂർണമായി നിലനിന്നില്ലെങ്കിലും സ്പെയിൻ മുതൽ ആഫ്രിക്ക വരെയുള്ള പ്രദേശങ്ങളിൽ നിലനിന്ന ഇസ്ലാമിക നാഗരികത സഹിഷ്ണുതയിലും സംവാദാത്മകതയിലും ഊന്നിനിന്ന ബഹുസ്വര സംസ്കാരം വളർത്തുകയും വിജ്ഞാനം, ശാസ്ത്രം, സാങ്കേതികവിദ്യ, കല, സാഹിത്യം എന്നിവയിലെ ഔന്നത്യത്തിലൂടെ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ ഒരു കാലഘട്ടമായി മാറുകയും ചെയ്തു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടുന്ന നവോത്ഥാന നായകർ ഇസ്ലാമിക ചരിത്രത്തിലങ്ങോളമിങ്ങോളം രംഗത്തുവന്നു. ജനങ്ങൾക്ക് ഭൗതികതയുടെ നിരർഥകത വെളിപ്പെടുത്തുകയും മനുഷ്യാസ്തിത്വത്തിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്ത ആത്മജ്ഞാനികളും തത്ത്വചിന്തകരും ധാരാളമുണ്ടായി. സാമൂഹികാസമത്വങ്ങൾക്കും അക്രമ ഭരണകൂടങ്ങൾക്കുമെതിരെ പോരാടുന്ന യോദ്ധാക്കൾ വഹാബിസത്തിൽനിന്ന് മുതൽ സൂഫിസത്തിൽനിന്നുവരെയുണ്ടായി. ദാരിദ്ര്യവും ജാതിസ്പർധയും മൂലം പാർശ്വവത്കരിക്കപ്പെട്ട അധഃസ്ഥിതർ തങ്ങൾ ആഗ്രഹിച്ച സമഭാവന സൂഫിവര്യന്മാരിലൂടെ കണ്ടെത്തുകയും അവരിലൂടെ ഇസ്ലാമിന്റെ ലോകത്തേക്ക് പ്രവേശിക്കുകയും ചെയ്തു. ഇങ്ങനെ ഇസ്ലാമിന്റെ ഏതെങ്കിലുമൊരു മുഖം തിളങ്ങിനിൽക്കാതെ ഒരു കാലഘട്ടവും ഈ ആയിരത്തിനാനൂറ് വർഷങ്ങൾക്കിടയിൽ കടന്നുപോയിട്ടില്ല. മറുവശത്ത് കമ്യൂണിസത്തിന്റെ കാര്യമോ? സ്റ്റാലിനെയും ചെഷസ്ക്യൂവിനെയും പോൾപോർട്ടിനെയുമല്ലേ പെട്ടെന്ന് നമുക്കോർമ വരുന്നത്? ചെ ഗുവേരയെപ്പോലെ ഒറ്റപ്പെട്ടവരുടെ ആത്മബലിയും മുദ്രാവാക്യവുമല്ല, മറിച്ച് സ്റ്റാലിനാൽ കൊല്ലപ്പെട്ട ജനലക്ഷങ്ങളുടെ ദീനരോദനമാണ് കമ്യൂണിസത്തെക്കുറിച്ചോർക്കുമ്പോൾ മനസ്സിലെത്തുന്നത്. ഉൽപാദനം, മൂലധനം, തൊഴിലാളിവർഗ പോരാട്ടം, വർഗരഹിത സമൂഹം തുടങ്ങിയ ഭൗതികകാര്യങ്ങളെയല്ലാതെ; മനുഷ്യന്റെ സ്വത്വാന്വേഷണം, ആത്മീയവ്യക്തിത്വം എന്നിവയെ കൈകാര്യം ചെയ്യാൻ മാർക്സ് മുതൽ ഇങ്ങോട്ടുള്ള ഒരൊറ്റ കമ്യൂണിസ്റ്റ് ബുദ്ധിജീവിക്കും കഴിഞ്ഞില്ല. ഈ കടുത്ത ശൂന്യത മൂലമാണ് ഇന്നത്തെ കേരളത്തിലെ കമ്യൂണിസ്റ്റ് ബുദ്ധിജീവികൾക്ക് മുതലാളിത്ത വികസന സങ്കൽപങ്ങളെ ഉദാത്തവത്കരിച്ച് ലേഖനങ്ങളെഴുതേണ്ട ഗതികേട് വന്നത്.

യുക്തിചിന്തയെ വളരെയധികം പ്രോത്സാഹിപ്പിച്ച കമ്യൂണിസ്റ്റുകാർ ആ വിഷയത്തിൽ പ്രശംസയർഹിക്കുന്നുണ്ട്. പക്ഷേ, അവരുടെ യുക്തിചിന്ത ആധുനികതയുടെയും സെക്യുലരിസത്തിന്റെയും കമ്മട്ടങ്ങളിൽ വാർത്തെടുത്തതായിപ്പോയി. ഭൂമിയിലെ ജീവജാലങ്ങളുടെ വിസ്മയകരമായ വൈവിധ്യത്തെക്കുറിച്ചോ, പ്രപഞ്ചത്തിലെ അനന്തകോടി നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ഉത്ഭവത്തെക്കുറിച്ചോ സംസാരിക്കുമ്പോൾ അവയെല്ലാം താനേ ഉണ്ടായി എന്ന് പറഞ്ഞാൽ അത് യുക്തിചിന്തയും, അവക്കു പിറകിൽ ഒരു സ്രഷ്ടാവ് ഉണ്ടെന്നു പറഞ്ഞാൽ അത് അന്ധവിശ്വാസവുമാവുന്നത് കമ്യൂണിസ്റ്റുകാരുടെ സെക്യുലർ യുക്തിചിന്തയുടെ പരിമിതിയാണ് കാണിക്കുന്നത്. മനുഷ്യൻ എന്നത് അധ്വാനത്തിന്റെയും ജീവപരിണാമത്തിന്റെയും വെറും ഉൽപന്നമാണെന്ന് വാദിക്കുമ്പോൾ യുക്തിചിന്തയാവുകയും, അവന് ഭൗതികപദാർഥം എന്നതിനപ്പുറം ഒരു ഉണ്മയും അസ്തിത്വവുമുണ്ടെന്ന് വാദിക്കുകയാണെങ്കിൽ അത് അന്ധവിശ്വാസമാവുകയും ചെയ്യുന്നത് അതേ പരിമിതി കൊണ്ടുതന്നെയാണ്. സെക്യുലർ യുക്തിവാദത്തിന്റെ മതിൽക്കെട്ടുകൾ തകർത്തെറിഞ്ഞ് ദൈവവിശ്വാസത്തിലൂടെ യഥാർഥ സ്വാതന്ത്ര്യം കണ്ടെത്താൻ ഇപ്പോഴത്തെ പ്രതിസന്ധികൾ കമ്യൂണിസ്റ്റുകാരെ സഹായിക്കട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം.

**ഹനീഫ് വളാഞ്ചേരി**

# ഇസ്‌ലാംപക്ഷ ടെലിഫിലിമുകളുടെ ദീനരോധനം

**സലാം** കൊടിയത്തൂർ എഴുതിയ 'പുഴുവരിക്കാത്ത ദൃശ്യമാധ്യമങ്ങൾ' (ലക്കം 12) ശ്രദ്ധയിൽപെട്ടു. ചില കാര്യങ്ങളോട് യോജിക്കാനും ചിലതിനോട് വിയോജിക്കാനുമാണ് ഈ കുറിപ്പ്. ശൂന്യമായൊരിടത്ത് ധൈര്യസമേതം കടന്നുവരാനുള്ള ശ്രമം നടത്തിയതാണ് സലാമിന്റെ ടെലിഫിലിമുകളെ പ്രസക്തമാക്കുന്നത്, അതും പരിമിത വിഭവങ്ങളോടെ. ആധുനിക ദൃശ്യമാധ്യമങ്ങളിലെ സംസ്കാരശൂന്യതയിൽ ഒരു ഇസ്‌ലാമിക് ടച്ചിന്റെ പ്രസക്തി സലാം വരച്ചുകാണിക്കുന്നത് പ്രോത്സാഹനാജനകമാണ്. സ്ത്രീ കഥാപാത്രങ്ങളുടെ വേഷങ്ങളിലെ ഇസ്‌ലാമിക നിഷ്കർഷ, ആണും പെണ്ണും തോളിൽ കൈയിട്ടും അതിനപ്പുറവും ആഭാസങ്ങൾ കാണിക്കേണ്ടുന്ന ഇടങ്ങളിൽ തമ്മിൽ തൊടാതെ കഥ പറയാനുള്ള ശേഷി, ഒരു ഇസ്‌ലാമിക് തീമിനെ സീനിൽ അവതരിപ്പിക്കാനുള്ള ചങ്കൂറ്റം തുടങ്ങിയവ സലാമിന്റെ ടെലിഫിലിമിലെ മാതൃകാ പകർപ്പുകളാണ്.

എന്നാൽ ഇസ്‌ലാമിന്റെ പേരിൽ ഒരു തീം അവതരിപ്പിക്കാൻ എന്തെങ്കിലും കാട്ടിക്കൂട്ടുന്നതിനെ പ്രോത്സാഹിപ്പിക്കാനാവില്ല. ഏതൊരു കാര്യത്തിലെയും ഇസ്‌ലാമിക മാനം ഇഹ്സാനാണ്. അഥവാ ഏറ്റവും ഭംഗിയാക്കി ചെയ്യുക. സ്വന്തം ജീവിതത്തിൽ പകർത്തിയില്ലെങ്കിൽ പോലും മനുഷ്യൻ ഇഹ്സാൻ ഇഷ്ടപ്പെടുന്നു. ഒരു ഇസ്‌ലാമിസ്റ്റിന്റെ ധർമം മനുഷ്യരെ ഇഹ്സാൻ പഠിപ്പിക്കലാണ്. ഇത് ഏതു ആവിഷ്കാരത്തിനും ബാധകമാണ്.

കഴിഞ്ഞ കാലത്ത് ഇടതുപക്ഷത്തിന്റെ വളർച്ചയിൽ പങ്കു വഹിച്ച നാടകങ്ങളും സിനിമകളും എന്തെങ്കിലും പറഞ്ഞൊപ്പിക്കുന്ന ഒന്നായിരുന്നില്ല. നാടകത്തിലെയും സിനിമയിലെയും സങ്കേതങ്ങളും നിബന്ധനകളും ഏറക്കുറെ അവയിൽ ഒത്തിണങ്ങിയിട്ടുണ്ടായിരുന്നു. അവക്കെല്ലാം കെട്ടും മട്ടും ഭംഗിയുമുണ്ടായിരുന്നു. പ്രേക്ഷകരെ ചിരിപ്പിക്കാൻ മാത്രം അവയിൽ തമാശ തുന്നിച്ചേർത്തിട്ടുണ്ടായിരുന്നില്ല.

ഇന്ന് ധാർമികമൂല്യങ്ങൾ കുറച്ചെങ്കിലുമുള്ള മുസ്‌ലിംകളും അല്ലാത്തവരുമായ ധാരാളം സംവിധായകരും താരങ്ങളും സിനിമാ പ്രവർത്തകരുമുണ്ട്. ഈ കലാകാരന്മാരെ ഉപയോഗപ്പെടുത്തി ഇസ്‌ലാമിക തിരക്കഥയിൽ ഊന്നിയ സിനിമകൾ സൃഷ്ടിച്ചെടുക്കുകയും പുതിയ കലാകാരന്മാരെ വളർത്തിക്കൊണ്ടുവരികയും ചെയ്യുക എന്ന ദൗത്യമാണ് സലാമിനെപോലുള്ളവർ ഏറ്റെടുക്കേണ്ടത്.

**വി.പി.ഒ നാസർ**
**താനൂർ**

# കലയും മൂസായുടെ വടിയും

**സലാം** കൊടിയത്തൂരിന്റെ കുറിപ്പ് വായിച്ചു (ലക്കം 12). 'ദീൻ ഗുണകാംക്ഷയാണ്' എന്ന് പഠിപ്പിച്ച ഇസ്‌ലാം ഗുണകാംക്ഷയോടെയുള്ള നിരൂപണങ്ങളെയും പ്രതികരണങ്ങളെയും സമൂഹത്തിന്റെ ബാധ്യതയായാണ് കണക്കാക്കിയിട്ടുള്ളത്. വിമർശനങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റോടെ എടുക്കാനുള്ള പക്വത സലാം കാട്ടണം. അസഹിഷ്ണുതാപൂർവമായ തട്ടിക്കയറൽ അനാരോഗ്യകരമാണ്.

ഇസ്‌ലാമികവേഷം ധരിച്ചവർ പല സീനുകളിലും ഉദാത്തമായ ഇസ്‌ലാമിക സന്ദേശങ്ങൾ നീട്ടിയും കുറുക്കിയും പറയുന്നു എന്നല്ലാതെ സലാമിന്റെ സിനിമകൾ ഭംഗിയായി 'pack' ചെയ്യപ്പെട്ടവയാണെന്ന് പറയാനാവില്ല. അമിതാഭിനയം നടത്തുന്ന നടീനടന്മാർ, കൃത്യമായി ചലിക്കാത്ത ക്യാമറ, ടേബ്ൾ വർക്ക് അറിയാത്ത എഡിറ്റർ, സന്ദർഭത്തിന് ചേരാത്ത പാട്ടുകൾ, വൾഗറായ കോമഡി ഇവയെല്ലാം ഒഴിവാക്കാൻ കഴിയേണ്ടതല്ലേ?

ഫിർഔന്റെ വെല്ലുവിളി സ്വീകരിച്ച് 'മായാജാല' പ്രദർശനത്തിനായെത്തുന്ന മൂസാ(അ)യുടെ അചഞ്ചലമായ നിൽപ്പ് ഓർക്കുക. ഫിർഔന്റെ മന്ത്രവാദിപ്പരിഷകൾ കമ്പുകയറുകൾ താഴെയിട്ട് പാമ്പാക്കിക്കാണിച്ച് സമൂഹത്തെ വിസ്മയിപ്പിക്കുമ്പോൾ മൂസ ചെയ്തതെന്താണ്? ദൈവനാമത്തിൽ താഴേക്കിട്ട ആ വടി അത്തരം മായാജാലങ്ങളെയും കാപട്യങ്ങളെയും ഗരിമകളെയും മൂടോടെ വിഴുങ്ങുകതന്നെ ചെയ്തു. ജാഹിലിയ്യത്ത് അതിന്റെ അജണ്ടകളുമായി മുന്നോട്ടുപോകുമ്പോൾ അതിനെ തടഞ്ഞുനിർത്താനും ജീർണിച്ച സംസ്കാരത്തെ മൂടോടെ വിഴുങ്ങാനുമുള്ള ആർജവം നമ്മുടെ ഏതു കർമത്തിനും ഉണ്ടാവണം. മൂസായുടെ വടി കൈയിൽ കിട്ടിയ ആളുകളാണ് നമ്മൾ. പാമ്പായി മാറാത്ത ഒരു വടിയും മൂസായുടേതല്ല. സ്വന്തം കലാസൃഷ്ടി ഭംഗിയായി 'pack' ചെയ്യാൻ പഠിക്കുക. അതിനായി ഗൃഹപാഠം ചെയ്യുക. അതിനായി വിദ്യ കൈവശമുള്ള ആരെയും ഗുരുവാക്കാം. അതൊന്നും തെറ്റല്ല.

*മലർവാടി*യിലെ 'പട്ടാളം പൈലി'യെയും 'പൂച്ചപ്പോലീസി'നെയും സലാം 'ഡഗഡഗ'യോട് ഉപമിച്ചുകണ്ടു. വിചിത്രമായിരിക്കുന്നു! കുട്ടികളെ രസിപ്പിക്കാനുള്ള കേവല കോമാളിത്തമല്ല ആ ചിത്രകഥകൾ. വ്യക്തമായ അജണ്ട അതിനുണ്ട്. ഹാരിപോട്ടർ, മുഖ്യധാരാ ബാല പ്രസിദ്ധീകരണങ്ങളിലെ സൂപ്പർ മാൻ, ഹീമാൻ, സ്പൈഡർമാൻ, ശക്തിമാൻ തുടങ്ങി അതിമാനുഷ കഥാപാത്രങ്ങൾ കുഞ്ഞുമനസ്സുകളിൽ വയലൻസിന്റെയും അന്ധവിശ്വാസങ്ങളുടെയും വിഷം കുത്തിവെക്കുമ്പോൾ അത്തരം കഥാപാത്രങ്ങളെ 'പൂച്ചപ്പോലീസി'ലൂടെ പരിഹസിച്ച് അതൊക്കെ വെറും കഥകൾ മാത്രമാണെന്ന് കുരുന്നുകൾക്ക് ബോധനം നൽകുകയാണ് *മലർവാടി*. 'പട്ടാളം പൈലി'യും അതുപോലെത്തന്നെ. ഒരു ഗ്രാമത്തിന്റെ നിഷ്കളങ്ക ഭാവങ്ങൾ മൃഗങ്ങളുടെ രൂപത്തിൽ അവതരിപ്പിച്ച് കൂട്ടായ്മയുടെ സൗന്ദര്യം കുട്ടികളിലേക്ക് എത്തിക്കുകയാണ് *മലർവാടി* അതിലൂടെ. എന്നാൽ സലാം ചെയ്തതെന്താണ്? വൃദ്ധനായ ബാപ്പ മരിക്കുന്നതെപ്പോഴാണെന്നറിയാൻ കണിയാനെ വിളിച്ചുകൊണ്ടുവരികയും നാഡി പിടിപ്പിക്കാനായി ബാപ്പയെ ഓടിച്ചിടുകയും ചെയ്യുന്നതിലെ കോമഡി എന്താണ്? അറപ്പുളവാക്കുന്ന മാനറിസങ്ങളിലൂടെ ലീക്ക് ബീരാൻ നാലാംകിട തമിഴ് സിനിമയെപ്പോലും ലജ്ജിപ്പിക്കുന്നുവെന്നത് നേര്. ഇതൊന്നും നിരൂപണം ചെയ്യാൻ പാടില്ലെന്നോ?

സാംസ്കാരിക ഉന്നതി പ്രാപിച്ചവരുടെ നാടാണിത്. ലക്ഷക്കണക്കിന് പ്രസിദ്ധീകരണങ്ങൾ ഉൽപാദിപ്പിക്കുന്ന സമുദായമാണിത്. ഈ ജനങ്ങളെ വിലകുറച്ചുകാണരുത്. അവർക്കിതേ പിടിക്കൂവെന്ന മുൻവിധി എന്തിന്? വലിഞ്ഞുമുറുകുന്ന നാലാംതരം മെലോ ഡ്രാമ സൃഷ്ടിക്കുന്ന സീരിയൽ പിരിമുറുക്കം കുറക്കാൻ സലാമിന് കഴിയണമെങ്കിൽ സിനിമയെ ശാസ്ത്രീയമായി മനസ്സിലാക്കാൻ തയാറാകണം. ചോദ്യം ചോദിക്കുമ്പോൾ കൊഞ്ഞനം കുത്തുന്നത് പരിഹാരമല്ല. ഇറാനിയൻ സിനിമകളെപ്പറ്റി പുഛത്തോടെ സംസാരിക്കുന്നത് നിർത്തി സിനിമയെ ഗൃഹപാഠം ചെയ്തു പഠിക്കുക.

**സജ്ദിൽ മുജീബ് പാലക്കാട്**